# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1180 | 05.03.2020-ലെ മറുപടിയ്ക്ക് |
|---|---|

## ദേശീയ പാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി നഷ്ടപരിഹാരം വാങ്ങി ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടുള്ളവരുടെ ഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യുമ്പോൾ ഹാജരാക്കേണ്ട റവന്യൂ രേഖകളിൽ ചിലത് ഇല്ലാത്തത് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള റവന്യൂ രേഖകൾ വേഗത്തിൽ ഭൂഉടമകൾക്ക് ലഭ്യമാക്കാൻ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക ഫാസ്റ്റ് ട്രാക്ക് സംവിധാനം റവന്യൂ വകുപ്പ് ഒരുക്കുമോ; വിശദമാക്കാമോ; | (ബി) | ഭൂവുടമകൾക്ക് ഇത്തരത്തിലുള്ള റവന്യൂ രേഖകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട സഹായം നൽകാൻ കോഴിക്കോട് ജില്ലയിലെ എൽ.എ ഓഫീസുകളിൽ ഓരോ ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോഴിക്കോട് ജില്ലയിൽ ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന സമാനമായ പ്രശ്നങ്ങൾ പരിഹരിക്കാൻ റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രതിമാസം യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അനന്തരവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസവും ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ യഥാർത്ഥ കൈവശക്കാരെ കണ്ടെത്താനുള്ള കാലതാമസവും കൈവശക്കാർ യഥാസമയം മതിയായ രേഖകൾ ഹാജരാക്കാത്തതുമാണ് സ്ഥലമേറ്റെടുക്കൽ ജോലിയിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളെ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ